## എം.കെ.എം. ഹയർ സെക്കൻഡറി സ്കൂൾ പിറവം

### ഡിജിറ്റൽ മാഗസിൻ



2019 - 2020

# ചെറുദളങ്ങൾ

# ആമുഖം

സർഗ്ഗശക്തിയാകുന്ന മന്ത്രങ്ങളിലൂടെ തേരോടിക്കുന്നവരാണ് സാഹിത്യശില്പികൾ. എം.കെ.എം ഹയർ സെക്കന്ററി സ്കൂളിലെ സാഹിത്യകുതുകികളുടെ രചനാപാടവമാണിതിൽ ഉൾച്ചേർത്തിരിക്കുന്നത്. 'ചെറുദളങ്ങൾ' എന്ന ഡിജിറ്റൽ മാഗസീനിലെ ഓരോ ദളങ്ങളും വിജ്ഞാനത്തിന്റെയും, ആസ്വാദനത്തിന്റെയും, നവ്യാനുഭാവം പകർന്ന തരാ ശക്തിയുള്ളതാണ് എന്ന സന്തോഷാനുഭവം പങ്കുവയ്ക്കുന്നു.

**ഉള്ളടക്കം**

# ചെറുദളങ്ങൾ

## ലിറ്റിൽ കൈറ്റ്സ്

### എം കെ എം എച്ച് എസ് പിറവം

## എഡിറ്റോറിയൽ

വളർന്നുവരുന്ന ഹൈ-ടെക്ക് യുഗത്തിന്റേയും ഡിജിറ്റൽ വായനയുടെയും, ഇ-വായനയുടെയും നൂതന കാലമാണ്. സർഗ്ഗാത്മക രചനകളാകുന്ന ഈ ശ്രേണികൾ എം.കെ.എം കുടുംബത്തിന്റെ രചനാ തന്ത്രങ്ങളാണ് കവിതകളായ്........കഥകളായ്....ആസ്വാദനങ്ങളായ്......വിവിധ ഭാവപ്പകർച്ചകളോടെ അണി നിരക്കുന്ന 'ചെറുദളങ്ങൾ ' എന്ന ഡിജിറ്റൽ മാസികയിലൂടെ നമ്മുക്കൊന്ന് കണ്ണോടിക്കാം

# എഡിറ്റോറിയൽ ബോർഡ്

ഹരികൃഷ്ണൻ പി.ബി

ഗ്രേസ് എലിസബത്ത് ജോർജ്

ഭാഗ്യ പ്രകാശ്

സൂരജ് പി.ഐ


സംഗീത് രാജ്

ജോഷ്വാ ജേം ബിജു


Niranjana Remesh

# പുഴയുടെ നൊമ്പരം _ കവിത

പുഴയുടെ തീരത്തിരുന്നപ്പോൾ കേട്ടു ഞാൻ
ആരോ വിതുമ്പുന്ന ചെറുസ്വരങ്ങൾ
ആരെന്നു നോക്കാൻ തുടങ്ങിയപ്പോഴിതാ
കരയുന്ന പുഴയെ ഞാൻ കണ്ടിടുന്നു.
എണ്ണിപ്പെറുക്കി കരഞ്ഞ് കരഞ്ഞ്
കണ്ണിരുറവയായ് തീർന്നിടുന്നു
പുഴയെന്തെല്ലാമോ വിളിച്ചു പറയുന്നു
കേൾപ്പാൻ ആരും ഇല്ലാതാനം
നാട്ടാരും വീട്ടാരും എല്ലാർക്കുമൊക്കെയുണ്ട്
നൂറു പണികൾ ധാരാളം
എന്തെന്നു കേൾപ്പാൻ ഞാൻ അരികെചെന്നപ്പോൾ
കേട്ടു ഞാൻ പഴങ്കഥ ധാരാളം
പുഴ ആരോടൊക്കെയോ വിളിച്ചപറയുന്നു
ആരൊക്കെയോ കേട്ടകലുന്നു
എന്തിനിങ്ങനെ എന്നെ ദ്രോഹിക്കുന്നു
എന്തിന് എന്നെ കൊല്ലുന്നു
സ്നേഹം മാത്രം നൽകി പോറ്റുന്ന
എന്നെ എന്തിന് നശിപ്പിക്കുന്നു...........
പൂർവികന്മാരുടെ സ്നേഹവും കരുതലും
എവിടെപ്പോയി ഈ തലമുറയിൽ
മാലിന്യങ്ങളുടെ



# പുതുമയുടെ വാഗ്ദാനങ്ങൾ

നൂറ്റാണ്ടുകൾ ഒരോന്നായി പിന്നിടുംമ്പോൾ നാം അറിയാതെ എന്തോക്കെയോ മാറുന്നു. അറിഞ്ഞോ അറിയാതയോ നമ്മിൽ നിന്ന് അടർത്തി മാറ്റിക്കൊണ്ടിരിക്കുന്ന നന്മയുടേതോ, അതോ തിന്മയുടേതോ വ്യംഗ്യാംശങ്ങൾ നമ്മെ തലോടിയില്ല? അല്പമൊരു തേങ്ങലാം നേർത്ത സ്വരങ്ങൾ തങ്ങി നിൽക്കുന്നില്ലേ്? എന്നോ എന്റെ ജല്പനങ്ങളാകാം ഇത്

പുതു വർഷത്തെ വരവേൽക്കുന്ന സുദിനത്തിൽ നമുക്കെന്തോ ഒരു നവോന്മേഷം സീരകളിൽ പടരുന്നുണ്ട്. യാഥാർത്ഥത്തിൽ....... ചിന്തിച്ചാൽ എന്തു പുതുമയാണതിൽ അസ്വദിക്കാനുള്ളത് നഷ്ടബോധത്തിന്റെ വിഹ്വലതകളാണതെന്ന് നാം തിരിച്ചറിയുന്നുണ്ടോ. ഈ ഭൂമിയെ തൊട്ടറിഞ്ഞ...... അടുത്തറിഞ്ഞ........ രുചിച്ചറിഞ്ഞ......നമുടെ വളർച്ചയുടെ പടവുകൾ കുറയുകയാണെന്ന് നാം ചിന്തിക്കുന്നുണ്ടോ? ഇല്ല ഒരിക്കലുമില്ല..... ആനന്ദത്തിന്റെ........മാസ്സരികതയുടെ ലഹരിയിൽ എല്ലാം നാം വിചാരിച്ചാൽ കീഴ്പെടുത്താൻ സാധിക്കും എന്ന് പൊള്ളയായി........ പൊള്ളയായി........പാഴ്മളം തണ്ടു കണക്കെ നാം നിനച്ചിടുന്നു. ചിപ്പിയിൽ നിന്നും അടർത്തി മാറ്റിടുന്ന മുത്തുപോലെ പ്രകൃതിയിൽ നിന്നും യഥാർത്ഥ്യബോധത്തിൽ നിന്നും ഘതിചലിച്ച് എന്തൊക്കെയോ? ചിന്തികുകയും പ്രവൃത്തിക്കുകയും ചെയ്യിടുന്ന ഭൂമി ചരിക്കുന്നതോടൊപ്പം നാമും ചരിച്ചീടുന്നു.

പൊള്ളയായ ആഘോഷങ്ങളിലും, ആഢംബരങ്ങളിലും തിമിർത്താടുന്ന നാം ഉയർന്ന ജീവിത സാഹചര്യങ്ങളെ മാത്രം അസൂയയോടെ നോക്കാനെ വല്ലപ്പോഴെങ്കിലും സമൂഹത്തിന്റെ

താഴെത്തെ തട്ടിലേക്കൊന്നു നീരിക്ഷിക്കണം. അപ്പോളആ വലിയ യാഥാർത്ഥ്യ ബോധത്തെതിരിച്ചറിയാൻ നമുക്ക് സാധിക്കും പുതുമയുംടെ ലഹരിക്ക് വലിയ കൗതുകമെ്ന്നുമില്ല എന്ന പച്ചയായ യാഥാർത്ഥ്യം അപ്പോൾ നമ്മുക്കു മനസ്സിലാകും!

ഷീനാ മാത്യൂ


By Rohith.P.S


Aiviya 6B

# യാത്രാവിവരണകുറിപ്പ്

ഞങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായിട്ട് മൈസൂർ ഊട്ടി വിനോദയാത്രയിൽ പങ്കെടുത്തു. 14/11/2019 വ്യാഴാഴ്ച്ച വൈകുന്നേരം 7 മണികയോടെ ഞങ്ങൾ യാത്ര ആരംഭിച്ചു 150 കുട്ടികളും 9 മ്പത് അദ്ധ്യാപകരും ഉണ്ടായിരുന്നു. പിറ്റേദിവസം 11 മണിയോടെ ഞങ്ങൾ മൈസൂർ എത്തി. fresh ആയി അവിടെ അടുത്തുള്ള ഭക്ഷണശാലയിൽ നിന്ന് രാവിലുത്തെ ഭക്ഷണം കഴുച്ചു. ആദ്യമ ഞങ്ങൾ സന്ദർശിച്ചത് മൈസൂർ മൃഗശാലയായിരുന്നു. അവിടെ ഞങ്ങൾ കുറച്ച് സമയം ചിലവിട്ട് പക്ഷികളെയും മൃഗങ്ങളെയും കണ്ടു പിന്നീട് മൈസൂർ പാലയിൽ പോയി അതിനുശേഷം സന്ധ്യച്ചു. അവിട്ടെത്തെ ലൈറ്റ് അറെജമെറ്റസ് വർണിക്കാൻ ആവാത്ത രീതിയിൽ മനോഹരമാണ്. അവിടെ ഞങ്ങൾ കുറച്ച് സമയം ചിലവെഴിച്ച് അവിടുത്തെ കാഴ്ച്ചകൾ കണ്ടു. പിന്നീട് ചാമ്മുണ്ടിയിൽ പോയി. ആ ദിവസത്തെയാത്ര അവസനിപ്പച്ചത് ചാമുണ്ടിയിലാണ്. ചാമുണ്ടിമലയുടെ താഴെയ്ക്ക് നോക്കുമ്പോൾ മൈസൂർ മുഴുവൻ കണ്ട ഒരു അനുഭൂതിയാണ്. പിറ്റേ ദിവസം രാവിലെ 6 മണിയ്ക്ക് ഞങ്ങൾ യാത്ര ആരംഭിച്ചു മൈസൂരിലെ അവസാനത്തെ കാഴ്ച്ച കണ്ടു വി. ഫിലോമിന ചർച്ച്. അവിടെ നിന്ന് ഊട്ടിയിലേക്ക്. കാടിന്റെ ഉള്ളിൽ കൂടിയായിരുന്നു യാത്ര അതിനുശേഷം ചുരം കയറി ഊട്ടി ടൗണിൽ എത്തി ചുരം കയറുംമ്പോൾ താഴേക്കുനോക്കിയാൽ മഞ്ഞ് വന്ന് മൂടികിടക്കുന്ന കാഴ്ച്ചയാണ് കാണുന്നത് ഊട്ടിയിൽ ഞങ്ങൾ ആദ്യം സന്ദർശിച്ചത് ടീ-ഫാക്ടറിയിലാണ് പിന്നീട് ബോട്ടാണിക്കൽ ഗാർഡൻ. അവിടെ വളരെ തണുപ്പുള്ള സ്ഥലമായിരുന്നു അവിടെ കുറച്ചു സമയം ഞ്ങ്ങൾ ചിലവഴിച്ചു പിന്നേ ക്യാമ്പ്ഫയറിലേക്കു പോയി വളരെ രസകരമായിരുന്നു പാട്ടും ഡാൻസും ഒക്കെ ഉള്ള ക്യാമ്പ്ഫയറ് ഞങ്ങൾ ഏകദേശം രാവിലെ അഞ്ചുമണിയോടെ സ്കൂളിൽ എത്തി വളരെ മനോഹരമായ ഒരു യാത്ര യായിരുന്നു മറക്കാൻ പറ്റാത്ത കുറെ ഓർമ്മകൾ ഉള്ള യാത്ര.

ഗൗരി എസ് കുമാർ

# ആസ്വാദനം

സൂര്യൻ കിഴക്കുദിച്ചുർന്നു. കത്തിജ്വലിക്കുന്ന തീനാളമായി അവൻ എന്റെ ഗ്രാമത്തിന് നിറം പകർന്നു. കിളികൾ ചിലയ്ക്കാൻ തുടങ്ങി. കോഴി കൂവാൻ തുടങ്ങി. എല്ലാവരേയും ഒരു പുതുപുലരിയിലേക്ക് ക്ഷണിക്കുകയാണ്. കോഴിയും കിളികളും സൂര്യനും എല്ലാം ഒരു ദിനവും കൂടി ഈ ഭൂമിയിൽ ജീവിക്കാൻ കഴിയുന്ന ആഹ്ളാദത്തോടെ ഉണരുന്ന അനേകം ജനഹൃദയങ്ങൾ. എല്ലാം പ്രകൃതിയുടെ കനിവ്.

ഗ്രാമങ്ങളേയും, ഗ്രാമത്തിലെ അനേകം പ്രകൃതി സൃഷ്ടികളെക്കുറിച്ചും എഴുതിയ ധാരാളം കവികളുണ്ട്, ധാരാളം കവിയത്രിമാരുണ്ട്. ഗ്രാമത്തെ അതിമനോഹരമായ ഭാവനയോടെ വരയ്ക്കുന്ന അനേകം ചിത്രകലാകാരൻമാരുണ്ട്. ഗ്രാമത്തെക്കുറിച്ചും, നഗരത്തെക്കുറിച്ചും താരതമ്യപ്പെടുത്തിവിലയിരുത്തുന്ന അനേകം ലേഖകർ ഉണ്ട്.

സ്വന്തം ജീവിതം പാടത്തും, കന്നുകാലികളുടെ കൂടെയും ചിലവഴിച്ച്ജീവിക്കുന്നവരാണ് ഗ്രാമവാസികൾ. പ്രകൃതിയോട് ഇണങ്ങി. ജീവിക്കുന്നവരാണ് ഗ്രാമവാസികൾ. ഒരിക്കലും പ്രകൃതിയെ നശിപ്പിക്കണമെന്ന യാതൊരു ചീത്തചിന്തകളില്ലാത്ത ജനങ്ങളാണ് അവിടെ വസിക്കുന്നത്. ഒരു തുള്ളിവെള്ളം ചോദിച്ചുവരുന്നവന് ഒരു കപ്പ് പാല് കൊടുക്കുന്നവർ ഇന്ന് ഇങ്ങനെയുള്ളവരെ കാണണമെങ്കിൽ കാട്ടിൽ പോകേണ്ടിവരും. അവിടെ വസിക്കുന്ന കാട്ടുവാസികളുടെ അടുത്ത്.

ഇന്ന് ഈ ഗ്രാമത്തിലും ജലഉറവിടങ്ങളും മറ്റും മനുഷ്യൻ നശിപ്പിച്ചുകളയുന്നു. ജലസ്രോതസ്സുകൾ മണ്ണാൽ മൂടിയും, പാടവും, വയലേലകളും മണ്ണും മിറ്റിലുംകൊണ്ട് മൂടി ആകാശത്തോളം വലിപ്പമുള്ള കൂറ്റൻ ഫ്ളാറ്റുകൾ പണിതിരിക്കുന്നു. ഇതിലൂടെ നാം വായൂമലിനീകരണവും ജലമലിനീകരണവും നേരിടേണ്ടിവരുന്നു. നാട് ഭരിക്കുന്ന അല്ലെങ്കിൽ രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രിക്കോ, മുഖ്യമന്ത്രിക്കോ, മാത്രമല്ല നമ്മുടെ നാടിനെ സംരക്ഷിണമെന്ന ഉത്തരവാദിത്ത്വമുള്ളത്.

പണ്ടുള്ളവർ ഇന്നത്തെപ്പോലെ രണ്ടുനിലവീടുകളിലല്ല ഉറങ്ങിയിരുന്നത്. മണ്ണിനാൽ തേച്ചഭിത്തിയോട് ചേർന്ന് ഉറങ്ങിയകുഞ്ഞുമക്കൾ, പാടത്തു പണികഴിഞ്ഞ് തളർന്നുവരുന്ന അച്ഛൻ തേവാരം കഴിഞ്ഞ് തന്റെ കുഞ്ഞു കൂരയിൽ അന്തിയുറങ്ങുന്നു. അമ്മയോടൊപ്പം കുഞ്ഞുകുട്ടികളും ആടിനേമേയ്ക്കാൻ പോകുന്നു. ചിലർ വിവിധതരം ലീലകളിലേർപ്പെട്ടും. അച്ഛൻ വിയർപ്പൊഴുക്കി വയലേലകളിൽ പണിചെയ്യുന്നു. ഗ്രാമത്തിലുള്ള കുട്ടികൾക്ക് യാതൊരു അതിമോഹങ്ങളോ, വാശിയോ ഇല്ലായിരുന്നു. അവർ അവരുടെ കഷ്ടപ്പാട് അറിഞ്ഞാണ് വളർന്നത്. പച്ചവിതച്ചിരുന്ന പാടങ്ങളും മറ്റും കാണാൻ എന്തൊരു ഭംഗിയാണെന്നോ. ധാന്യങ്ങൾ പാകമായി കഴിയുമ്പോൾ അത് കൊത്തിപ്പറിച്ച് തിന്നാൻ വരുന്ന പച്ചപ്പനംതത്തകൾ.

അക്ഷര സി.എ

VII A

# പ്രളയം (കവിത)

മലചുരത്തിൽ നീരുറവകൾ അണകൾ കെട്ടി അടച്ച നാം
പുഴയൊഴുകിയ വഴികളൊക്കെയുമതിരു കല്ലുകൾ പാകി നാം
കുന്നിടിച്ച നിരത്തി നാം പുഴകളൊക്കെ നികത്തി നാം
പണിതുകൂട്ടി രമ്യ ഹർമ്യം കൃഷിനിലങ്ങൾ നികത്തി നാം
ദാഹനീരതുമൂറ്റി വിറ്റു നേടി കോടികളിന്നു നാം
ഭൂമി തന്നുടെ നിലവിളി അതു കേട്ടതില്ല അന്നു നാം
പ്രകൃതി തന്നുടെ സങ്കടം അണ നിറഞ്ഞൊരു
നാളിൽ നാം പകച്ചുപോയി പ്രളയമെന്നൊരു
മാരി തന്നുടെ നടുവിൽ നാം. കൈപിടിച്ച
കയത്തിലായൊരു ജീവിതം തിരികെ തരാൻ ഒത്തു
ചേർന്നു നമ്മളൊന്നായ് ഒരു മനസ്സായ് അന്നു നാം.
ജാതിചിന്തകൾ വർഗ-വൈരികൾ ഒക്കെയന്നു മറന്ന നാം
ഇനിയൊരിക്കലൊരുത്തുചേരലിനൊരുദുരന്തം കാക്കണോ?

അനന്യ സനീഷ്
V C

# രാജകുമാരിയെ കണ്ടെത്തുന്ന രാജകുമാരൻ

ഒരിടത്തൊരിടത്ത് ഒരു കൊട്ടാരത്തിൽ ഒരു സുന്ദരനായ ഒരു രാജകുമാരനും അദ്ദേഹത്തിന്റെ അച്ഛനും അമ്മയും ഉണ്ടായിരുന്നു. ഒരുദിവസം രാജകുമാരന്റെ അച്ഛൻ രാജകുമാരനോടു പറഞ്ഞു ഒരു കല്യാണം കഴിക്കണം അതിന് നീ തന്നേ ഒരു രാജകുമാരിയെ കണ്ടെത്തണം. എന്നിട്ട് പറഞ്ഞു. അവളുടെ സൗന്ദര്യം മാത്രം നോക്കിയാൽപോരാ. അവളുടെ  സ്വഭാവം നല്ലതാണോ അവളുടെ സ്വരം നല്ലതാണോ എന്നൊക്കെ നോക്കണം. നീ ഇത് എപ്പോഴും ഓർത്തുകൊണ്ടിരിക്കണം എന്നും പറഞ്ഞു ഉടൻതന്നെ രാജകുമാരൻ പുറപ്പെട്ടു. ആദ്യം ഒരു കൊട്ടാരത്തിൽചെന്ന് അവിടുത്തെ രാജാവിനോട് തന്റെ മക്കളെ എനിക്കൊന്നുകാണണം എന്ന് രാജകുമാരൻ പറഞ്ഞു. രാജാവ് അതു സമ്മതിച്ചു. രാജകുമാരൻ രാജകുമാരിയുടെ അടുത്തെത്തി. അപ്പോൾ ആ രാജകുമാരി പഴങ്ങൾതിന്നുകൊണ്ടിരിക്കുകയായിരുന്നു. രാജകുമാരൻ രാജകുമാരിയെ വിളിച്ചു. പക്ഷേ അവളതു ശ്രദ്ധിച്ചില്ല. അവൾ അവളുടെ കാര്യം ചെയ്തുകൊണ്ടിരിക്കികയായിരുന്നു. അങ്ങനെ രാവും പകലും രാജകുമാരൻ പലപല രാജകുമാരിയെ തിരക്കി. പിന്നെ രാജകുമാരൻ സ്വന്തം കൊട്ടാരത്തിൽ തിരിച്ചെത്തി. എന്നിട്ട് രാജാവിനോട് നടനതെല്ലാം പറഞ്ഞു അങ്ങനെയിരിക്കേ ഭയങ്കര ഇടിയും മഴയുമുള്ള ഒരു ദിവസം ഒരു രാജകുമാരി ഒരു പുതപ്പു പുതച്ചുകൊണ്ട് രാജാവിന്റെ കൊട്ടാരത്തിലെത്തി. വാതിലിൽ മുട്ടിവിളിച്ചു. രാജകുമാരൻ ചോദിച്ചു 'ആരാ' അവ്ൾ പറഞ്ഞു ഞാൻ ഒരു രാജകുമാരിയാ എന്റെ കൊട്ടാരത്തിലേക്കുള്ള വഴി തെറ്റി ഞാൻ ഇങ്ങോട്ടുവന്നതാ. ഈ ഒരു രാത്രി എന്നെ ഇവിടെ താമസിപ്പിക്കണം രാജകുമാരൻ അവളുടെ മനോഹരമായ സ്വരം അവളോട് കേട്ട് അതിശയിച്ചുപോയി. ഉടനെ തന്നെ രാജകുമാരൻ രാജാവിനേയും രാജ്ഞിയെയും വിളിച്ചു കാര്യം പറഞ്ഞു. അവളെ കാണാനായ് രാജ്ഞിയും രാജാവും താഴേക്കിറങ്ങിവന്നു. അവളെകണ്ടിട്ട് രാജ്ഞിക്കും രാജാവിനും രാജകുമാരിയായി തോന്നിയില്ല. ഇത് രാജകുമാരനോട് പറഞ്ഞു. രാജ്ഞി പറഞ്ഞു. നമ്മുക്ക് ഒരു പരീക്ഷണം നടത്താം അവൾ കിടന്നുറങ്ങുന്ന ബെഡിന്റെ അടിയിൽ ഒരു മുത്ത് വെയ്ക്കും. അവൾ രാജകുമാരിയാണെങ്കിൽ അവളെ ആ മുത്ത് കിടന്നുറങ്ങാൻ

അനുവദിക്കുകയില്ല. എന്നും പറഞ്ഞ് രാജ്ഞി ബെഡിന്റെ അടിയിൽ മുത്ത് വെച്ചു. രാജകുമാരി കിടക്കാൻ പോയി രാത്രിയായപ്പോൾ ആ മുത്ത് അവളെ കിടക്കാൻ അനുവദിച്ചില്ല. രാവിലെയായപ്പോൾ അവൾ രാജ്ഞിയോടും. രാജാവിനോടും ഇന്നലെ രാത്രി നടന്ന സംഭവം അവരോടു പറഞ്ഞു. അവർക്ക് കാര്യം മനസ്സിലായി. അതിനുശേഷം രാജ്ഞിയും രാജാവും തന്റെ മകനെകൊണ്ട് ആ രാജകുമാരിയുമുള്ള വിവാഹം കഴപ്പിച്ചു. പിന്നീടവൻ സന്തോഷത്തോടെ ജീവിച്ചു

---

ഏഞ്ചൽ

സാബു


Sana Sajan
VI B

# എന്റെ ഒരു അനുഭവം

ഞാൻ വൈ.ഐ.പിയിൽ പോയ ഒരു അനുഭവം ഞാൻ ഇപ്പോ പങ്കുവെയ്ക്കാം. വൈ.ഐ.പി എന്ന ചെറിയ പേരാണെങ്കിലും ഇത് ഒരു ഒന്നൊന്നരമത്സരമാണ്. ഇതിൽ ഇപ്പോ 4 ഘട്ടങ്ങളാണ് ഉള്ളത്. ആദ്യം നമ്മൾ എന്താണോ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നത് അത് എന്താണ് വിശദമാക്കിക്കൊണ്ട് നമ്മൾ അവരുടെ സൈറ്റിൽ അപ്ലോഡ് ചെയ്യണം. എന്നിട്ട് അവർക്ക് നമ്മുടെ ഈ ഐഡിയ ഇഷ്ടപ്പെട്ടെങ്കിൽ മാത്രമേ അവർ നമ്മളെ സെലക്ട് ചെയ്യോളൂ. അത് നമ്മൾ അവർക്ക് കൊടുക്കുന്ന ഇൻഫൊർമേഷൻ അനുസരിച്ചിരിക്കും. നമ്മുടെ സെലക്ഷൻ. ഭാഗ്യംകൊണ്ട് അവർ എന്നെ സിലക്കറ്റ് ചെയ്യ്തു. അതു കഴിഞ്ഞ് 1 മാസത്തിനു ശേഷമാണ് നമ്മളെ 2ാം ഘട്ടത്തിന് വിളിക്കുന്നത്. അത് കളമശ്ശേരിയിലെ startup മിഷനിലാണു നടക്കുന്നത്. ഇതൊക്കെ കേട്ടാൽ ഒന്നുമല്ലാ എന്ന് തോന്നും. ആ സ്ഥലത്ത് എത്തിയപ്പോൾ വലിയ ഒരു കെട്ടിടം ആയിരുന്നു. എല്ലാ കാര്യങ്ങളും മോഡേൺ ആയിരുന്നു. അകത്തേ സാധനങ്ങൾ എല്ലാം നല്ല Brand ഉള്ളതായിരുന്നു. അകത്ത് കേറിയാൽ തിരിച്ചിറങ്ങി പോരാൻ തോന്നുകയില്ല. ഏകദേശം ഒന്നര മണിക്കൂർ ഞങ്ങൾ അതിനുള്ളിൽ ആയിരുന്നു. ഏകദേശം 1400 കുട്ടികൾ ഉണ്ടായിരുന്നു. ഓരോ കുട്ടിയേയും ഓരോ ചെറിയ മുറികളിൽലേക്ക് വിളിച്ചുകൊണ്ടു പോയിയാണ് മത്സരം നടന്നത്. ആ മുറികൾക്ക് panel എന്നാണ് പറയുന്നച്. ഓരോ പാനലിലും 2 ജെഡ്ജ് വീധം ഇരിക്കും. നമ്മൾ പവർപോയിന്റ് പ്രെസന്റേഷണ് ഉണ്ടാക്കി ഒരു പെഡ്ഡ്രൈവിൽ കേറ്റി അവിടെ അവതരിപ്പിക്കണം അതിന് 10 മിനിട്ട് സമയം അവർ തരും അതിനു ശേഷം അവർ 5 മിനിട്ട് ചോദ്യംങ്ങൾ ചോദിക്കും. മുഴുവൻ 15 മിനിട്ട് ആണ് നമ്മൾ ആ പാനലിൽ ഇരിക്കേണ്ടത്. വെറും 15 മിനിട്ട് പക്ഷേ ആ 15 മിനിട്ട് നമ്മുക്ക് ശരിക്കും പേടിയാകും ഞാനായിരുന്നു ഏറ്റവും ആദ്യം പാനലിലേക്കു പോയത് അതിനാൽ എന്നിക്ക് കുറച്ച് ആശ്രയം ഉണ്ടായിരുന്നു. നമ്മൾ നമ്മുടെ ഐടിയ അവരോട് പറഞ്ഞതിനു ശേഷം നമ്മുക്ക് തിരിച്ചു വീട്ടിൽ പോകാം. എന്റെ ഐഡിയ കെഎസ്‌ഇബി ഓഫീസർ മാരെ സഹായിക്കുന്നതാണ്. അവർ നമ്മുടെ വീട്ടിൽ വരാതെ തന്നെ അവർക്ക് അവരുടെ companiyil ഇരുന്നു കൊണ്ടു തന്നെ നമ്മുടെ വീട്ടിലെ മീറ്റർ റീഡിങ്ങ് എടുക്കാൻ സാധിക്കും. എന്തുകൊണ്ടെന്ന് അറിയില്ല. അവർക്ക് എന്റെ ഈ ഐഡിയ ഇഷ്ട്മായി അതിനാൽ 1 മാസം കഴിഞ്ഞപ്പോൾ ഇതിന്റെ result വന്നു എനിക്ക് selection കിട്ടി. 1400 പേരിൽ നിന്ന് 400 പേരെ അവ്ർ സെലക്ട് ചെയ്യ്തു. ഇങ്ങനെയുള്ള മത്സരങ്ങൾ ജയിക്കണമെങ്കിൽ നമ്മൾ ഇതില്ലാതെ ഈ ലോകത്ത് ഒന്നും. നടക്കത്തില്ല എന്ന് അവരെ

ബോധിപ്പിക്കണം. ഇനി 3ാംമെത്തെ ഘട്ടം കോഴിക്കോട് വച്ചിട്ടാണ്. അതിൽ 100 പേര് സിലകറ്റ് ചെയ്യും അതിൽ നിന്ന് ഒരാളെ അതായത് ഏറ്റവും നല്ല ഐഡിയ ഉള്ള ആളെ സിലകറ്റ് ചെയ്ത് അവർക്ക് മുഖ്യമന്തിയുടെ കൂടെ നിന്ന് ഫോട്ടോ എടുക്കാനുള്ള അനവധരം കിട്ടും. കോഴികോട് ൻഐട്ടിയിൽ വച്ചിട്ടാണ് മത്സരം . അവിടെ വലിയ രസമൊന്നും ഇല്ല. അവിടെ ഇതിലേറെ കടിനമായിരുന്നു എന്ന് ആരോ പറയുന്നത് ഞാൻ കേട്ടു. നല്ല പേടിയുണ്ടായിരുന്നു. പക്ഷേ അവിടെ ഒരു canteen ഉണ്ട്. അവിടെയാണ് ജോളി ജോലി ചെയ്തിരിന്നത്. ജോളിയുടെ കഥയൊക്കെ കേട്ടപ്പോൾ പേടിയൊക്കെ പോയി kozikodu ജെഡ്ജ് ആിരുന്നു അണ്ടായിരുന്നത് നമ്മൾ ഒരു വലിയ screeninte മുമ്പിൽ നിന്നു വേണം അവരെ നമ്മടെ ഈ ഐഡിയെ കുറിച്ച് പരിചയപ്പെടുത്തേണ്ടത്. ഇതെല്ലാം കഴിഞ്ഞ് പിന്നെ ഞങ്ങൾ വീട്ടിലേക്ക് മടങ്ങി അവസാനത്തെ ഘട്ടം national level ആയിരുന്നു അതിൽ എനിക്ക് കിട്ടിയില്ല. ചിലപ്പോൾ അതിന്റെ കാരണം ഞാൻ അത് നന്നായി present ചെയ്യ്ത് കാണില്ല. ആ...... എന്റെ വിധി.......

ജോഷ്വാ ജെയിൻ ബിജു



# ഇലവഴിഞ്ഞിയുടെ

# ഓർമ്മപടവുകൾ!...

അങ്ങകലെ അസ്തമിച്ച തുടങ്ങിയ ചക്രവാളത്തിന്റെ അശാന്തമായ ഇരുളിമയിലേയ്ക്ക് നോക്കി അവൻ തന്നോടുതന്നെ ഒരു ആത്മഗതമെന്നപോൽ ചോദിച്ചു. "ഇനിയെങ്ങോട്ട്?".

ആ ചോദ്യത്തിന് ഉത്തരമെന്നപോലെ അങ്ങകലെ മലനിരകളിനൽ തട്ടിതിരിച്ചുവരുന്ന അതേ ചോദ്യം മാത്രം.

രാത്രി വരവറിയിച്ചിരിക്കുന്നു. പക്ഷികൾ തങ്ങളുടെ വാസസ്ഥലങ്ങളിലേക്ക് മടങ്ങുകയായിരുന്നു. ആ വശ്യമായ മനോഹാരിതയിൽ ലയിച്ചുനിന്നപ്പോൾ തന്റെബാല്യം മുതൽ ഇന്നുവരെയുള്ള സകല ഓർമകളും തന്റെ കണ്ണുകൾക്ക് മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ രഘു അത്ഭുതപ്പെട്ടു പ്പോയി. മലകളെപ്പോലും പ്രകമ്പനംകൊള്ളിക്കുന്ന മലമുഴക്കി വേഴാമ്പലുകളുടെ സ്വരം കേട്ടുകൊണ്ടു സന്ധ്യകളിലേക്ക് ചേക്കേറുന്ന ഒരു ഗ്രാമത്തിലാണ് രഘു ഇന്നുള്ളത്.പക്ഷേ രഘുവിന്റെ കണ്ണുകളിൽ അവന് തന്റെ ഗ്രാമത്തിന്റെ മായാചിത്രങ്ങൾ മാത്രം.

ഏതൊക്കെവിധത്തിലോ ആ ഗ്രാമത്തിന് തന്റെ ഗ്രാമവുമായി സാമ്യമുണ്ട്. രഘു ചിന്തിച്ചു. അതേ വയൽ വരമ്പുകൾ, അതേ കൊച്ചു കൊച്ചു ചാണകം കൊണ്ട് മെഴുകിയ കുടിലുകൾ. ആ

കുടിലുകളിലുള്ളകോ പാടവരമ്പുകളിലെ കൃഷിക്കാർ. ഏതൊരിടത്തെയുംപോലെ ഇവരും ദരിദ്രരാണ്, വിദ്യാഭ്യാസശിക്ഷണങ്ങളുമില്ല.

ആലോചിച്ചിരിക്കെ, അവന്റെ ഇലവഴിഞ്ഞിയുടെ ചിത്രം മുമ്പിൽ തെളിഞ്ഞുവന്നു. വയലുകൾക്കുമപ്പുറം പുൽമേടുകളാണ്. അതിൽ നിറഞ്ഞു സഞ്ചരിക്കുകയാണ്. യാദവർ എന്ന് ഞങ്ങൾ കളിയാക്കി വിളിക്കാറുള്ള വേടരുടെ കാലിക്കൂട്ടങ്ങൾ. അതിനുമപ്പുറം കുറവൻ, കുറത്തിമലനിരകളാണ്. മലകൾക്കുള്ളിലെന്താണെന്നറിയാൻ ആകാംക്ഷയുണ്ടായിരുന്നുവെങ്കിലും അറിയാനായില്ല. എന്നാൽ കാടുകൾക്കുള്ളിൽ നിന്നുവന്നിരുന്ന വേടൻമാരിൽനിന്ന് കാടിന്റെ ഒരു ചിത്രം മനസ്സിന്റെ ഭിത്തിയിൽ കോറിയിട്ടിരുന്നു. അത് ഇന്നും മായാതെ കിടക്കുന്നു. വയ,ു

വയലുകളിൽനിന്ന് മാറി കുറച്ചകലെയാണ് രഘുവിന്റെ ഗ്രാമത്തിലെ ബ്രാഹ്മണകുടുംബം. എന്നാൽ ഇവിടെ അത് ഒത്ത നടുവിലാണെന്നു മാത്രം.

കുറച്ചിട കഴിഞ്ഞപ്പോൾ വയൽവരമ്പുകളിലൂടെ പുസ്തകസഞ്ചിയുമായി മടങ്ങുന്ന ആ കൊച്ചുകുട്ടിയോട് ആദ്യമായി അന്ന് രഘുവിന് ഒരു മനുഷ്യനോട് അസൂയതോന്നി.

കാത്തുകാത്തിരുന്ന കണ്ണുകൾക്ക് പ്രകാശമേകുന്ന ഉത്സവങ്ങൾ, പെരുന്നാളുകൾ, അന്നു വന്നിരുന്ന ചാത്തുപൊട്ടിനും,

കുപ്പിവളകൾക്കുപോലും ഒരു പ്രത്യേകചന്തമുണ്ടാ.ിരുന്നു. അതിനു വേണ്ടി വാശിപിടിച്ചിരുന്ന പെങ്ങളെ രഘു വേദനയോടെ ഓർത്തു.

നാഴികകളുടെ നടത്തമുണ്ടെന്നാലും അങ്ങാടിയിൽ പോകുന്നത് തനിക്കെന്നും ഹരമായിരുന്നു. റഘു ഓർത്തു.

കാരണം മറ്റൊന്നുമല്ല് അന്നു ബാക്കികിട്ടിയ പൈസ കൂട്ടിവച്ച് ഗോട്ടി മേടിച്ച് പൂഴിമണ്ണിലിരുന്നു കളിയ്ക്കാനായിരുന്നു. അന്നതിനോട് തോന്നിയിരുന്ന ലഹരി മറ്റൊന്നിനോടുമില്ലായിരുന്നു.

ഗ്രാമത്തിന്റെ അതിരിലായി അരു സിനിമകൊട്ടക ഉണ്ടായിരുന്നുവെന്ന് തന്റെ ഓർമ്മകൾ ചിക്കിചികഞ്ഞപ്പോൾ രഘുവിന് കണ്ടെത്താനായി. അതിൽ അനങ്ങുന്ന രൂപങ്ങൾ കണ്ടുകൊണ്ടിരുന്നപ്പോഴൊക്കെ രഘുവിന്
അത്ഭുതംതോന്നിയിരുന്നു. ഗ്രാമത്തിന്റെ ഐശ്വര്യമായി എന്നും പാർവ്വതിദേവിയും തോമാശ്ളീഹായും നിലകൊണ്ടു. എന്നും കാലത്ത് ചട്ടയും മുണ്ടുമുടുത്ത് തന്റെ കുടിലിന്റെ മുമ്പിലൂടെ യുവതികൾകടന്നുപോയിരുന്നു. മിക്കവരും മദ്ധ്യവയസ്കരായുരുന്നു. രഘുവിന്റെ അമ്മ അവരെ 'നസ്രാണിച്ചികൾ' എന്നു വിളിച്ചു. അതിനോടൊപ്പം തന്നെ രഘു നേര്യതുടുത്ത് കാവിൽ കുളിച്ചുതൊഴാൻ പോയിരുന്ന സ്ത്രീകളേയും കണ്ടു.

ചൂടു കാലമേറിയാൽ ആണുങ്ങൾ പുറന്തളത്തിൽകിടക്കും " ഹാ! സുഖകരമായ കിടപ്പ്" ആകാശത്തെ നക്ഷത്രങ്ങളായിരുന്നു അന്ന് അവരുടെ പുതപ്പ്. എന്നാൽ മഴക്കാലമായാൽ ചാണകം കൊണ്ടു

മെഴുകിയ തണുത്ത തറയിൽകിടന്നിരുന്ന സുഖം മറ്റൊന്നിനുമില്ല !
പുതുമണ്ണിന്റെ സുഗന്ധത്തോടൊപ്പം അതിൽനിന്നുയർന്നിരുന്ന
സുഗന്ധവും തലച്ചോറിനെ കുളിർമ്മയണിയിച്ചിരുന്നു.

മലനിരകളാൽ ചുറ്റപ്പെട്ടിരുന്ന ഇലവഴിഞ്ഞി ഒരു ഒറ്റപ്പെട്ട ഗ്രാമം കൂടിയായിരുന്നു. ഗ്രാമത്തിന് പുറത്തുകടക്കുന്നത് അപൂർവ്വങ്ങളിൽ അപൂർവ്വമായിരുന്നു. അന്ന് ആധുനികലോകത്തെ അത്യന്തം സ്നേഹിച്ചു.. ഇന്ന് അതിനെ വല്ലാതെ വെറുക്കുന്നു.

* * * * * * * * * * * * * ,*

ഒരു പരുപരുത്ത, ദൃഢതയാർന്ന കയ്യ് തന്റെ മേലേയ്ക്ക് വീണപ്പോൾ രഘു ഞെട്ടിയുണർന്നു. നോക്കിയപ്പോൾ വേലക്കാരൻ റാമാണ്.

അവൻ പതിഞ്ഞ സ്വരത്തിൽ എന്തോ പറഞ്ഞു..ഉണ്ണകഴിക്കാൻ നേരമായി അങ്ങനെയെന്തോ എന്തായാലും രഘു വേണ്ടെന്നു പറഞ്ഞു.
അപ്പോൾ റാമിന്റെ അടുത്തചോദ്യം കാലത്തെന്താവാം എന്ന്.
അതിനുത്തരമായി ഒരു നിഗൂഢമായ ചിരിമാത്രമായിരുന്നി രഘുവിന്റെ കയ്യിൽ. ഒന്നും മനസ്സിലാവാതെ വേലക്കാരൻ തിരിച്ചുപോയി.
കാലത്ത് ചായക്കപ്പുമായി വന്ന റാം കണ്ടത് ഒഴിഞ്ഞകിടക്കയും
അതിനടുത്ത മേശയിൽ ഒരു മടക്കിയ കത്തുമായിരുന്നു
ആട്ട കിടന്നിരുന്നിടത്ത് ഒരു പുടപോലുമില്ല എന്ന പോലെ
രഘുവുമില്ല അയാളുടെ സാധനസാമഗ്രികളുമില്ല.

ആള് ഇവിടംവിട്ടു അന്നുറപ്പാക്കി റാം കത്ത് വായിച്ചു
അതിൽ ഇത്രമാത്രം എഴുതിയിരുന്നു

“പശ്ചിമമലനിരഘട്ടങ്ങളെ നിങ്ങൾക്കു വിട വേഴാമ്പലുകളെ
നിങ്ങൾക്ക് അനശ്വരതയാർന്ന ഗ്രാമമെ നിനക്കും വിട ഞാനെന്റെ
ഇലവഴിഞ്ഞിയെ തേടിപോകുന്നു. യാത്രാനുവാദങ്ങളില്ല
യാത്രചൊല്ലലുകളില്ല. ഒന്നുമാത്രം, എല്ലാവർക്കും വിട
മറക്കാനാവില്ലല്ലോ എനിക്കെന്റെ വേരുകൾ"

റാം കത്തുമടക്കി. തന്ക്ക്
മനസ്സിലാവാത്തതിനുമപ്പുറമാണെന്ന്
മനസ്സിലാക്കി അയാൾ അന്തിച്ചുനിന്നു. അന്താണു
സംഭവിക്കുന്നതെന്നറിയാതെ

സാറാ മെർലിൻ എബ്രാഹാം
ക്ലാസ്സ് IX A

# ഉണ്ണിയെ കൊണ്ടുപോയ മഴ

ഒരുനാൾ ഉറങ്ങുകയായിരുന്നുണ്ണി അപ്പോൾ പെയ്തു കാറ്റിന്റെ ആരവത്തോടെ മഴ ഇടിമിന്നലിന്റെ കണ്ണുകളുള്ള മഴ എവിടെ നിന്നോ കേട്ടു ഗർജനം മലകളുടെ ഗർജനം

ഇളകിയൊലിച്ചെത്തീ ഉരുൾ ജലം പതുങ്ങിയെത്തിയ കാറ്റ് പിന്നെ ചുഴചിക്കാറ്റായ് അവയൊത്തൊരുമിച്ചു വന്നുണ്ണിയെ കൊമ്ടുപോയി രക്ഷപ്പെടമ്മതാൻ മാറത്തടിച്ചു കേണു പിന്നെയും വന്നു മഴ ജീവൻ എടുക്കാൻ ഒരുമിച്ചുനിന്നു നാം വിജയം വരിച്ചു പടുത്തുയർത്തി നവകേരളത്തെ

ക്രസ്റ്റി എൽദോ
V A



സോന തമ്പി

9A

# ചാച്ചാജി

ചുവന്ന റോസാപൂവും
ചൂടി വരുന്നൊരു ചാച്ചാജി
നമ്മുടെ സ്വന്തം ചാച്ചാജി
നമ്മുടെ സ്വന്തം ചാച്ചാജി
കുട്ടികൾക്കെല്ലാം പ്രിയങ്കരനായൊരു ചാച്ചാജി
ശിശുദിനത്തിന് പ്രിയങ്കരനായൊരു ചാച്ചാജി

ജിസ്ന മരിയ ബിജു
ക്ലാസ്സ് VI B

# കവിത

നിന്റെ ഭംഗിയിൽ അലിഞ്ഞു നിന്ന ഞാൻ
എവിടേക്കോ പോയി നീ
നിൻ മലകൾകെന്തു ഭംഗി
നിൻ സൗന്ദര്യത്തിൻ ലയിച്ച പോയി ഞാൻ
നിന്റെ ആ നിഷ്കളങ്കമായ മുഖം
എന്നെ പിടിച്ചുലച്ച
ആ മുഖം എന്നെ വശ്യതയിലാഴ്ത്തി.

സ്നേഹാ സൂസൻ
IX C

# കാട്ടിലകപ്പെട്ട

# കുരങ്ങൻ

ഒരിടത്തൊരിടത്ത് ഒരു കാട്ടിൽ കുക്കു എന്ന കുരങ്ങനും ബിക്കു എന്ന കുറുക്കനും ഉണ്ടായിരുന്നു അവൻ കാട്ടിലൂടെ കളിച്ചുനടക്കുകയായിരുന്നു. കുറച്ച് കഴിഞ്ഞപ്പോൾ അവർക്ക് വിശക്കാൻ തുടങ്ങി.

അപ്പോളതു കുരങ്ങൻ പറഞ്ഞു എനിക്ക് വിശക്കുന്നുണ്ട് എന്ന്. കുറുക്കനും അതു തന്നെ പറഞ്ഞു കുരങ്ങൻ ഒരു വിദ്യ ചെയ്തു. നമ്മുക്ക് ഉള്കാട്ടിലേക്ക് പോകാം എന്നു കുരങ്ങൻ കുറുക്കനോട് പറഞ്ഞു. കുറുക്കൻപറഞ്ഞു, എനിക്ക പേടിയാണെന്ന്. പേടിച്ച നിന്നാൽ എങ്ങനെയാ കുങ്ങൻ ചോദിച്ചു. അമ്മ പറഞ്ഞിട്ടുണ് ഉൾ കട്ടിലേക്ക് പോകരുത് എന്ന് ഉൾകാട്ടിലേക്ക് പോയാൽ, നമ്മൾ ചെറിയ പിള്ളേരാണ് ഞാൻ പോകുവ കുരങ്ങൻ നടന്ന് നീങ്ങീ. കുരങ്ങൻ കാട്ടിലേക്ക് പ്രവേശിച്ചപ്പോൾ അവന് നല്ല പേടിയുണ്ടായിരുന്നു. കുറച്ച് നേരം കഴിഞ്ഞപ്പോൾ കുരങ്ങൻ  ഒരു വലിയ കുഴിയിൽ വീണു .അവൻ നില വിളിച്ചു. അവന്റെ കാര്യമോർത്ത കാട്ടിലേക്ക് നടന്നു. കുറുക്കൻ കുരങ്ങന്റെ നിലവിളി കേട്ടു. അവൻ കുരങ്ങനെ കണ്ടെത്തി. മരത്തിന്റെ വള്ളിയെടുത്ത് എറിഞ്ഞു. കുരങ്ങൻ രക്ഷപെച്ചു

നന്ദന പ്രശാന്ത്
VI B

# നൈമിഷീകം

സ്വാന്തനത്തിൻ നേരിന് സ്ഥാനമില്ലാതെ
തിരയുന്ന കാലചക്രത്തിനനുസരിച്ച്
ചരിക്കാൻ വിധിക്കപ്പെട്ടവരല്ലോ മർത്യർ
ജീവിക്കാൻ കിട്ടുന്ന ഓരോ നിമിഷവും
ഈശ്വരന്റെ ദാനവും ഔദാര്യവുംമത്രേ!
വിവേകികളേന്ന് സ്വയം മുദ്ര കുത്തുന്ന
അഹങ്കാരികളാം മർത്യ സമൂഹം
ജീവിത നേട്ടോട്ടപ്പാച്ചിലിൽ അലിയുന്ന
തിരികിൽ വ്യഗ്രതയിൽ ഉഴറുമ്പോൾ
എന്തിനെന്നോ, ഏതിനെന്നോ ചിന്തിക്കാതെ
സമ്പാദ്യങ്ങളെ വാരിക്കൂട്ടുമ്പോഴും
സ്നേഹിച്ചിടുമ്പോഴും സ്വയം മറക്കുന്ന
വിവേകജ്ഞരല്ലോ മനുജർ
അടുത്ത നിമിഷത്തിലെന്തു സംഭവിക്കുമെന്ന്
ഊഹിക്കാൻ പോലും കെല്പില്ലാത്ത
പാഴ്ക്കമ്പാരമല്ലോ വിഡ്ഢികളാം മാനുഷർ
ജീവിത സൗഭാഗ്യങ്ങൾക്കും, അതിലുപരി
നിനവുകൾക്കും,സ്വപനങ്ങൾക്കും മീതെ
ചരിക്കുമ്പോൾ സ്വഇഷ്ടാനിഷ്ടാനങ്ങളെ
കാറ്റിൽ പറത്തിയോർ,അവരറിയാതെ
ആർക്കൊക്കെയോ വേണ്ടി സ്വയം
ചിതയിൽ എരിഞ്ഞ എരിഞ്ഞടങ്ങുന്നു

ഷീനാ മാത്യൂ

# സുഹൃത്ത്

ഒരിടത്ത് ഒരു ജിങ്കൻകുറുക്കനും ചിജ്ജുകുറുക്കനും താമസിച്ചിരുന്നു. ഇവർ നല്ലകൂട്ടുക്കാരുമാണ്. ഒരു ദിവസം ജീങ്കൻ കൗശലം ഉപയോഗിച്ച് ഒരു ചെറിയ മുയലിനെ പിടിച്ചു ചിജ്ജുവിന് ചെറിയ മുയലിനെകണ്ട് ചിരിവന്നു അവൻ പറഞ്ഞു ഇതാണോകഴിക്കേണ്ടത് ഈ ചെറുതിനേ ' ജിങ്കന് ദേഷ്യം വന്നു. അവൻ വിശന്നിരിക്കുകയായിരുന്നു. “ഞാനല്ലേ ആ മുയലിനെ പിടിച്ചത് അപ്പോൾ ഞാൻ കഴിച്ചോളാം നീ കഴിക്കണ്ട 'ജിങ്കൻ പറഞ്ഞു. അങ്ങനെ അവൻ പിരിഞ്ഞു

ഒരു ദിവസം ചിജ്ജു ഇരതേടി നടക്കുകയായിരുന്നു. ആ സമയത്ത് ചിജ്ജു വേട്ടക്കാരന്റെ വലയിൽ കുടുങ്ങി. “അയ്യോ എന്നെ ആരെങ്കിലും രക്ഷിക്കണേ" അവൻ അലമുറയിട്ടു കരഞ്ഞു. ജിങ്കൻ ആ ശബ്ദം കേട്ട് അങ്ങോട്ട് ഓടി. എന്നിട്ട് ചിജ്ജുവിനെ രക്ഷിച്ചു. ഞാൻ അങ്ങനെ കളിയാക്കരുതായിരുന്നു. ജിങ്കൻ കഷ്ടപ്പെട്ട് എനിക്കും കൂടി വേണ്ടിയല്ലേ ഇര പിടിച്ചത്. ചിജ്ജു വിഷമത്തോടെ പറഞ്ഞു. “അതു സാരമില്ല സുഹൃത്തുക്കളുടെ ഇടയിൽ ഇങ്ങനെ പലതും സംഭവിക്കും. “ ജിങ്കൻ പറഞ്ഞു. അങ്ങനെ അവർ പിരിയാത്ത കൂട്ടുകാർ ആയിത്തീർന്നു.

Sarwa M.S

VIII B

# ഒരെ മനസ്സ്

രാമുവും ദാമുവും കൂട്ടുകാരായിരുന്നു.അവർ ഒരുമിച്ചാണ് ദിവസവും ജോലിക്കുപോകുന്നത്.രാമുവിന് ആലയിൽ പണിയും ദാമുന് അലക്കു ജോലിയുമാണ്. ഒരു ദിവസം ദാമുവിന്റെ മകനു അസുഖമായി ആശുപത്രിയിലായി. അപ്പോൾ ദാമു തനിച്ചാണ് ജോലിക്ക് പോയത്. കുറച്ച് ദിവസം കഴിഞ്ഞിട്ടും ദാമുവിനെ കാണാതായപ്പോൾ ദാമുവിനെ അന്വോഷിച്ച് രാമു വീട്ടിൽ എത്തി അപ്പോൾ ദാമു വിഷമിച്ചിരിക്കുവായിരുന്നു. നീ എന്താ ജോലിക്ക് വരാതതെന്തെന്നെ രാമു ചോദിച്ചു. കുട്ടിയുടെ അസുഖം മാറാൻ കുറച്ചധികം രൂപ ആവിശ്യമാണ് ഈ അലക്കിക്കിട്ടുന്നതുകൊണ്ട് തികയുകയില്ലെന്ന് ദാമു പറഞ്ഞു. അപ്പോൾ രാമു പറഞ്ഞു നീ എന്റെ കൂടെ കൂടി കുട്ടിയെ ചികത്ധിക്കാം. അതുകേട്ട് ദാമു പറഞ്ഞു അയ്യോ !! അതു ശെരുയാകില്ല ഞാൻ അലക്കി വെളുപ്പിക്കുന്നതെല്ലാം നിന്റെ ആലയിലെ കരി കൊണ്ട് കറുപ്പിച്ച് നാശം ആക്കും അതു ശെരിവച്ച രാമു കുറച്ചു രൂപ ദാമുവിനെ ഏൽപ്പിച്ച് മടങ്ങി.

കഥാസാരം : ഒരേ സ്വഭാവമുള്ളവർക്കെ ഒത്തു പോകാൻ ആകൂ

അലീനാ പി.വി

ക്ലാസ്സ് V C

# അണ്ണാരക്കണ്ണൻ

അണ്ണരക്കണ്ണാ,അണ്ണരക്കണ്ണാ
അയലത്തെ മാവിന്റെ കൊമ്പിലിരുന്ന്
കിലുകിലേച്ചിരിക്കണതെന്താണ്
കിലുകിലേച്ചിരിക്കണതെന്താണ്
നല്ല മൂവാണ്ടൻ മാങ്ങ പഴുത്തല്ലൊ
മൂവാണ്ടൻ മാങ്ങ പഴുത്തല്ലോ
എനിക്കൊരണ്ണം പറിച്ചു തരു നീ
എനിക്കൊരണ്ണം പറിച്ചു തരു നീ
അണ്ണാരക്കണ്ണാ അണ്ണാരക്കണ്ണാ നീ
തനിച്ചിരുന്നാൽ മുഷിയില്ലേ
നിനക്കൊരു കൂട്ടായ് വിരുന്നുവരാം
ഞാൻ നിനക്കൊരു കൂട്ടായ് വിരുന്നുവരാം

ലെക്ഷമി എസ്.എൻ

# കുട്ടിയും കിടാവും

പൈക്കിടാവേ പൈക്കിടാവേ
നിന്നച്ഛനമ്മയുമെവിടെപ്പോയ്
നിന്നച്ഛനമ്മയുമെവിടെപ്പോയ്
തെക്കുതെക്കൊരുപുഞ്ചവയൽ
ഉഴുതുമറിക്കാൻ പോയ്
അമ്മയാണേൽ മലയടിവാരത്ത്
പുല്ലുമേയാൻ പോയ്
പുല്ലുമേയാൻ പോയ്
അച്ഛനും അമ്മയും പോയ് വരുമ്പോൾ
എന്തുകൊണ്ടുവരും എന്തുകൊണ്ടുവരും
ഒരുകുടം പാലും ഒരുകെട്ട പുല്ലും
കൊണ്ടുവന്നുതരും എന്നച്ഛനമ്മയും
കൊണ്ടുവന്നുതരും

VI . C

**<u>lakshmi s n</u>**

# നീലകുറുക്കൻ

പണ്ട് ഒരു കാട്ടിൽ മഹാകൗശലക്കാരനായ ഒരു കുറുക്കൻ താമസിച്ചിരുന്നു. ഒരു ദിവസം വിശന്നുവലഞ്ഞ അവൻ ഇരി തേടി അടുത്തുള്ള ഗ്രാമത്തിൽ എത്തി. അങ്ങനെ നടക്കവെ അവനൊരു വലിയ പാത്രത്തിലേക്ക് വീണു. നീലം നിറച്ചു വച്ചിരുന്ന പാത്രത്തിലാണ് അവൻ വീണത്ത്. അങ്ങനെ അവന്റെ ശരീരം മുഴുവൻ നീലനിറമായി.

ഒരു വിധത്തിൽ കാട്ടിൽ എത്തിയ അവനെ കണ്ട് മൃഗങ്ങൾ എല്ലാം പേടിച്ചു പോയി ഹ.......ഹ.........ഹ............. അവൻ ഒരു സൂത്രം പ്രയോഗിച്ചു. അവൻ  കാട്ടിലെ മൃഗങ്ങളെ എല്ലാം വിളിച്ചുകൂട്ടി പറഞ്ഞു "ഇനി മുതൽ ഞാനാണ് നിങ്ങളുടെ രാജാവ്”. അങ്ങനെ അവൻ കാട്ടിലെ രാജാവായീ.

രാജാവായതോടെ നീലകുറുക്കന് അഹങ്കാരമായി. കാണുന്ന മൃഗങ്ങളെ എല്ലാം അവൻ ഉപദ്രവിക്കാൻ തുടങ്ങി. കാട്ടിലെ മൃഗങ്ങളെല്ലാം അവന്റെ ശല്യം കൊണ്ട് കഷ്ടപ്പെട്ടു. അങ്ങനെയിരിക്കെ ഒരിക്കൽ ഒരു നിലാവുള്ള രാത്രിയിൽ മൂക്കുമുട്ടേ തിന്നു വയറു നിറഞ്ഞ നീലക്കുറുക്കൻ അറിയാതെ ഓരിയിട്ടു. അങ്ങനെ അവന്റെ കള്ളം വെളിച്ചത്തായി. അത്തോടെ മറ്റു മൃഗങ്ങളെല്ലാം കൂടി അവനെ ആ കാട്ടിൽ നിന്നു ഓടിച്ചു.

ഗുണപാഠം :  അഹങ്കാരം ആപത്താണ്

അലീനാ എൽസാ ബിജു

# ആസ്വാദനം

സൂര്യൻ കിഴക്കുദിച്ചുർന്നു. കത്തിജ്വലിക്കുന്ന തീനാളമായി അവൻ എന്റെ ഗ്രാമത്തിന് നിറം പകർന്നു. കിളികൾ ചിലയ്ക്കാൻ തുടങ്ങി. കോഴി കൂവാൻ തുടങ്ങി. എല്ലാവരേയും ഒരു പുതുപുലരിയിലേക്ക് ക്ഷണിക്കുകയാണ്. കഒാഴിയും കിളിക്കളും സൂര്യനും എല്ലാം ഒരു ദിനവും കൂടി ഈ ഭൂമിയിൽ ജീവിക്കാൻ കഴിയുന്ന ആഹ്ളാദത്തോടെ ഉണരുന്ന അനേകം ജനഹൃദയങ്ങൾ. എല്ലാം പ്രകൃതിയുടെ കനിവ്.

ഗ്രാമങ്ങളേയും, ഗ്രാമത്തിലെ അനേകം പ്രകൃതി സൃഷ്ടികളെക്കുറിച്ചും എഴുതിയ ധാരാളം കവികളുണ്ട്, ധാരാളം കവിയത്രിമാരുണ്ട്. ഗ്രാമത്തെ അതിമനോഹരമായ ഭാവനയോടെ വരയ്ക്കുന്ന അനേകം ചിത്രകലാകാരൻമാരുണ്ട്. ഗ്രാമത്തെക്കുറിച്ചും, നഗരത്തെക്കുറിച്ചും താരതമ്യപ്പെടുത്തിവിലയിരുത്തുന്ന അനേകം ലേഖകർ ഉണ്ട്.

സ്വന്തം ജീവിതം പാടത്തും, കന്നുകാലികളുടെ കൂടെയും ചിലവഴിച്ച്ജീവിക്കുന്നവരാണ് ഗ്രാമവാസികൾ. പ്രകൃതിയോട് ഇണങ്ങി. ജീവിക്കുന്നവരാണ് ഗ്രാമവാസികൾ. ഒരിക്കലും പ്രകൃതിയെ നശിപ്പിക്കണമെന്ന യാതൊരു ചീത്തചിന്തകളില്ലാത്ത ജനങ്ങളാണ് അവിടെ വസിക്കുന്നത്. ഒരു തുള്ളിവെള്ളം ചോദിച്ചുവരുന്നവന് ഒരു കപ്പ് പാല് കൊടുക്കുന്നവർ ഇന്ന് ഇങ്ങനെയുള്ളവരെ കാണണമെങ്കിൽ കാട്ടിൽ പോകേണ്ടിവരും. അവിടെ വസിക്കുന്ന കാട്ടുവാസികളുടെ അടുത്ത്.

ഇന്ന് ഈ ഗ്രാമത്തിലും ജലഉറവിടങ്ങളും മറ്റും മനുഷ്യൻ നശിപ്പിച്ചുകളയുന്നു. ജലസ്രോതസ്സുകൾ മണ്ണാൽ മൂടിയും, പാടവും, വയലേലകളും മണ്ണും മിറ്റിലുംകൊണ്ട് മൂടി ആകാശത്തോളം വലിപ്പമുള്ള കൂറ്റൻ ഫ്ളാറ്റുകൾ പണിതിരിക്കുന്നു. ഇതിലൂടെ നാം വായുമലിനീകരണവും ജലമലിനീകരണവും നേരിടേണ്ടിവരുന്നു. നാട് ഭരിക്കുന്ന അല്ലെങ്കിൽ രാജ്യം ഭരിക്കുന്ന പ്രധാനമന്ത്രിക്കോ, മുഖ്യമന്ത്രിക്കോ, മാത്രമല്ല നമ്മുടെ നാടിനെ സംരക്ഷിണമെന്ന ഉത്തരവാദിത്ത്വമുള്ളത്.

പണ്ടുള്ളവർ ഇന്നത്തെപ്പോലെ രണ്ടുനിലവീടുകളിലല്ല ഉറങ്ങിയിരുന്നത്. മണ്ണിനാൽ തേച്ചഭിത്തിയോട് ചേർന്ന് ഉറങ്ങിയകുഞ്ഞുമക്കൾ, പാടത്തു പണികഴിഞ്ഞ് തളർന്നുവരുന്ന അച്ഛൻ തേവാരം കഴിഞ്ഞ് തന്റെ കുഞ്ഞു കൂരയിൽ അന്തിയുറങ്ങുന്നു. അമ്മയോടൊപ്പം കുഞ്ഞുകുട്ടികളും ആടിനേമേയ്ക്കാൻ പോകുന്നു. ചിലർ വിവിധതരം ലീലകളിലേർപ്പെട്ടും. അച്ഛൻ വിയർപ്പൊഴുക്കി വയലേലകളിൽ പണിചെയ്യുന്നു. ഗ്രാമത്തിലുള്ള കുട്ടികൾക്ക് യാതൊരു അതിമോഹങ്ങളോ, വാശിയോ ഇല്ലായിരുന്നു. അവർ അവരുടെ കഷ്ടപ്പാട് അറിഞ്ഞാണ് വളർന്നത്. പച്ചവിതച്ചിരുന്ന പാടങ്ങളും മറ്റും കാണാൻ എന്തൊരു ഭംഗിയാണെന്നോ. ധാന്യങ്ങൾ പാകമായി കഴിയുമ്പോൾ അത് കൊത്തിപ്പറിച്ച് തിന്നാൻ വരുന്ന പച്ചപ്പനംതത്തകൾ.

അക്ഷര സി.എ

VII A


എം കെ എം ഹയർ സെക്കണ്ടറി സ്കൂൾ പിറവം
ഡിജിററൽമാഗസിൻ
ചെറുദളങ്ങൾ